പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.313

26.02.2018 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന സാധനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി. ഉണ്ണി | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനും സാധനങ്ങളുടെ വിലനിലവാരം പിടിച്ചു നിർത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിനായി സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതു ജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നീ "ശബരി" ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിലും, 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും സപ്ലൈകോ വിൽപ്പനശാലകളിലൂടെ ലഭ്യമാക്കി വരുന്നു. അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽ നിന്നും നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ എന്ന നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം വിപണിയിടപെടലിനായി 200 കോടി രൂപ അനുവദിക്കുകയും 2017-18 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ച് നിർത്തുന്നതിന് സാധിക്കുകയും കൂടുതൽ വിൽപ്പന ശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ |

സൗകര്യങ്ങൾ മെച്ചപ്പെട്ട ത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ അനർഹർ തട്ടിയെടുക്കുന്നത് ഒഴിവാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ ?

(ബി) സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് നിലവാരം നിരീക്ഷിക്കുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും വിജിലൻസ് സ്ക്വാഡുകളും, ഇന്റേണൽ ഓഡിറ്റ് വിഭാഗവും, ജൂനിയർ മാനേജർമാരും (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) വില്പനശാലകളിൽ പരിശോധന നടത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ